# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4559 — 04.02.2014 ൽ - മറുപടിക്ക്

## റേഷൻ സബ്സിഡിയും ആധാർ കാർഡും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. കെ. ബാലൻ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) 2011 ഏപ്രിൽ മാസത്തിൽ ഒരു എ.പി.എൽ. കാർഡുടമയ്ക്ക് സബ്സിഡിയോടു കൂടിയും അല്ലാതെയും ലഭിച്ചിരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവും വിലയും വ്യക്തമാക്കുമോ; | (എ) | 2011 ഏപ്രിൽ മാസത്തിൽ ഒരു എ.പി.എൽ. കാർഡുടമയ്ക്ക് സബ്സിഡിയോടു കൂടിയും അല്ലാതെയും ലഭിച്ചിരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവും വിലയും അനുബന്ധം-A ആയി ചേർക്കുന്നു. |
| (ബി) 2014 ജനുവരി മാസത്തിൽ ഒരു എ.പി.എൽ. കാർഡുടമയ്ക്ക് സബ്സിഡിയോടു കൂടിയും അല്ലാതെയും ലഭിച്ച ഭക്ഷ്യധാന്യത്തിന്റെ അളവും വിലയും വ്യക്തമാക്കുമോ; | (ബി) | 2014 ജനുവരി മാസത്തിൽ ഒരു എ.പി.എൽ. കാർഡുടമയ്ക്ക് സബ്സിഡിയോടു കൂടിയും അല്ലാതെയും ലഭിച്ച ഭക്ഷ്യധാന്യത്തിന്റെ അളവും വിലയും അനുബന്ധം-B ആയി ചേർക്കുന്നു. |
| (സി) റേഷൻ സബ്സിഡി ആധാർ കാർഡ്-ബാങ്ക്-ലിങ്ക് വഴിയാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ അപ്രകാരം ചെയ്യാൻ ആലോചിക്കുന്നുണ്ടോ; | (സി) | സംസ്ഥാനത്ത് എ.പി.എൽ. സബ്സിഡി കാർഡുകളിന്മേൽ ഭക്ഷ്യ ധാന്യങ്ങൾക്ക് നൽകി വരുന്ന സബ്സിഡികൾ പണമായി ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ആറ് കടകളിൽ നവീകരണ ജോലികൾ പൂർത്തിയാക്കുകയും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുകയും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ കടകളിലെ കാർഡുടമകളുടെ ആധാർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് റേഷൻകാർഡ് ഡേറ്റാബെയ്സിൽ ചേർക്കുന്ന നടപടി പൂർത്തിയായി വരുന്നു. ബാങ്ക് അക്കൗണ്ട് വഴി പണം നൽകുന്ന നിർദ്ദേശത്തിന്മേൽ തീരുമാനമെടുത്തിട്ടില്ല. |
| (ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | ഇതുസംബന്ധിച്ച പ്രത്യേകമായ നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | സംസ്ഥാനത്തെ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതു വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം എഫ്.സി.ഐ.യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ സ്വീകരിക്കുന്നത് മുതൽ റേഷൻ കടകളിൽ നിന്ന് അവ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നത് വരെയുള്ള ഓരോ പ്രക്രിയയും സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച് അവയുടെ വിവരങ്ങൾ പൊതു ജനങ്ങൾക്ക് കാണത്തക്ക വിധത്തിൽ ഒരു സുതാര്യവൽകൃത പോർട്ടലിൽ രേഖപ്പെടുത്തുന്നതാണ്. കൂടാതെ, റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അയാൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ തോതിൽ നൽകുന്നതാണ്. റേഷൻ കടക്ക് പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനാൽ ഗുണഭോക്താക്കൾക്ക് കേരളത്തിലെ ഏത് റേഷൻ കടകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ലഭിക്കുന്നു. റേഷൻ കടകളിൽ ഗുണഭോക്താക്കളുടെ ക്രയവിക്രയങ്ങൾക്ക് ഓൺലൈൻ സിസ്റ്റത്തിലൂടെ ലഭ്യമാകുന്ന ബില്ലുകളിൽ ഭക്ഷ്യധാന്യങ്ങളുടെ കൃത്യമായ അളവ്, തൂക്കം, വില എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടാകും. ഇക്കാരണത്താൽ പൊതു വിതരണ ശൃംഖല കൂടുതൽ സുതാര്യമാകുകയും ഈ മേഖലയിൽ അഴിമതി, കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് എന്നിവ പൂർണ്ണമായും തടയാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - A

| ഇനം | ഏപ്രിൽ - 2011 | |
|---|---|---|
| | അളവ് (കി.ഗ്രാം) | വില (രൂപ) |
| എ.പി.എൽ. അരി (2 രൂപ പദ്ധതിയിൽ ഉൾപ്പെടാത്തവർക്ക്) | 10 | 8.90 |
| എ.പി.എൽ. സബ്സിഡി അരി (2 രൂപ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക്) | 10 | 2 |
| എ.പി.എൽ. ഗോതമ്പ് (2 രൂപ പദ്ധതിയിൽ ഉൾപ്പെടാത്തവർക്ക്) | 2 | 6.70 |
| എ.പി.എൽ. സബ്സിഡി ഗോതമ്പ് (2 രൂപ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക്) | 2 | 2 |
| ആട്ട മാവ് | 2 | 12 |

## അനുബന്ധം - B

| ഇനം | ജനുവരി - 2014 | |
|---|---|---|
| | അളവ് (കി.ഗ്രാം) | വില (രൂപ) |
| എ.പി.എൽ. അരി (2 രൂപ പദ്ധതിയിൽ ഉൾപ്പെടാത്തവർക്ക്) | 10 | 8.90 |
| എ.പി.എൽ. സബ്സിഡി അരി (2 രൂപ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക്) | 10 | 2 |
| എ.പി.എൽ. ഗോതമ്പ് (2 രൂപ പദ്ധതിയിൽ ഉൾപ്പെടാത്തവർക്ക്) | 0 | 6.70 |
| എ.പി.എൽ. സബ്സിഡി ഗോതമ്പ് (2 രൂപ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക്) | 0 | 2 |
| ആട്ട മാവ് | 2 | 12 |